**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം</u>**

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2025 -അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു ഉത്തരവാകുന്നു.

പരാമർശം:- 1)സ.ഉ (പി )നം. 03/ 2017/ ഉ.ഭ.പ.വ തീയതി 25/02/2017.

2)സ.ഉ (സാധാ)നം.729/2025/H&FWD തീയതി:11/03/2025.

3)സർക്കുലർ നം. ഇ.എച്ച് 1- 28887/2024/ആ.വ.ഡ തീയതി 14/03/2025.

4)ഉത്തരവ് നം.ഇബി 2-10090/2025/ ആ.വ.ഡ തീയതി 28/04/2025.

5)ഉത്തരവ് നം.ഇബി 2-10090/2025/ ആ.വ.ഡ തീയതി 25/05/2025, 27/05/2025 .

6)ഡോ.ബിജോയ് കുമാർ, ജൂനിയർ കൺസൾട്ടന്റ് മേലധികാരികാരികൾ മുഖേന സമർപ്പിച്ച 28/05/2025 തിയതിയിലെ ഹർജി.

**<u>ഉത്തരവ് നം. ഇ.ബി2-10090/2025/ആ.വ.ഡ തീയതി : 02-06-2025</u>**

അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 2025 ലെ

പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായുള്ള കരട് പട്ടിക പരാമർശം 4 പ്രകാരവും അന്തിമ പട്ടിക പരാമർശം 5 പ്രകാരവും പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ ഉൾപ്പെടാതെ പരാമർശം 5 പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ പട്ടികയിൽ ഉൾപ്പെട്ട നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡോ.ബിജോയ് കുമാറിന് സ്ഥലമാറ്റത്തിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ ഹർജി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.ബിജോയ് കുമാർ പരാമർശം 6 പ്രകാരം ഹർജി സമർപ്പിയ്ക്കുകയുണ്ടായി. ടിയാൻ സമർപ്പിച്ച ഹർജി പരിഗണിച്ച് ചുവടെ പറയും പ്രകാരം പരാമർശം 5 പ്രകാരമുള്ള അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 2025 ലെ പൊതു സ്ഥലം മാറ്റ അന്തിമ പട്ടിക ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| PEN | Name | Office Transferred from | Office Transferred to |
|---|---|---|---|
| 704849 | Dr.Bijoy Kumar | TALUK HEADQUARTERS HOSPITAL, NEENDAKARA | TALUK HEADQUARTERS HOSPITAL KUNDARA (Formerly CHC) |
| 766202 | Dr.Unnikrishnan.C.P | DISTRICT HOSPITAL, ALUVA | GENERAL HOSPITAL ERNAKULAM |

2) പരാമർശം 5 പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

3) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപന മേധാവികളും/ജില്ലാ മെഡിക്കൽ ഓഫീസർമാരും പകരക്കാരെ കാത്തു നിൽക്കാതെ സ്ഥലം മാറ്റിയിട്ടുള്ള ജീവനക്കാരെ ഈ ഉത്തരവ്തീയതി മുതൽ 7 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന വിവരങ്ങൾ യഥാസമയം അറിയിക്കേണ്ടതുമാണ്.വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

4 ) ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 02-06-2025 20:08:47

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ.

പകർപ്പ് : 1)എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും .

2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് .

3)ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് .

4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

5)ഫയൽ/ കരുതൽ ഫയൽ.